# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *56

29-06-2015-ൽ മറുപടിക്ക്

### നിക്ഷേപ സംഗമങ്ങളുടെ ഫലപ്രാപ്തി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി.അയിഷാ പോറ്റി<br>ശ്രീ. ടി.വി.രാജേഷ്<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. ആർ.രാജേഷ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടത്തിയ നിക്ഷേപ സംഗമങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന 2012-ൽ നടത്തിയ എമർജിങ്ങ് കേരള പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചിരുന്നു.<br><br>കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എമർജിങ്ങ് കേരള സംഗമം സംഘടിപ്പിച്ചത്. ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുക എന്നതും എമർജിങ്ങ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടത്തിയ നിക്ഷേപ സംഗമങ്ങളിൽ |

വ്യവസായ സംരംഭകർക്ക് വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കേണ്ട അനുമതികളെക്കുറിച്ചും ലൈസൻസുകളെക്കുറിച്ചും ബോധവൽക്കരണം നടത്തുകയും, ജില്ലകളിലെ വ്യവസായ സാദ്ധ്യതകളെക്കുറിച്ചും, പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങളും നൽകിയിരുന്നു. സംരംഭകരെ കണ്ടെത്തുകയും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്ത് വ്യവസായം തുടങ്ങുന്നതിന് വേണ്ട നടപടികളും എടുത്തു വരുന്നു.

| | |
|---|---|
| **(ബി)** ഓരോ സംഗമം മുഖേനയും ലക്ഷ്യമിട്ട നിക്ഷേപം സാദ്ധ്യമായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ; | **(ബി)** സംസ്ഥാനത്തെ ഒരു വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എമർജിങ്ങ് കേരള സംഗമം സംഘടിപ്പിച്ചത്. ഈ സംഗമം വഴി കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ പിടിച്ചുപറ്റാനും സംസ്ഥാനത്ത് വ്യവസായ വളർച്ച കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. |

കഴിഞ്ഞ നാല് വർഷക്കാലം സംസ്ഥാനത്ത് MSMED Act, 2006 പ്രകാരം മെമ്മോറാണ്ടം (പാർട്ട്-II) ഫയൽ ചെയ്ത പുതിയ സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇതിൽ ചെറുകിട സേവന മേഖലയിലെ യൂണിറ്റുകളും ഉൾപ്പെടുന്നു.

| വർഷം | മെമ്മോ-റാണ്ടം (പാർട്ട് II) ഫയൽ ചെയ്ത പുതിയ യൂണിറ്റു-കളുടെ എണ്ണം | തൊഴിൽ ലഭ്യത (എണ്ണം) | മുതൽ മുടക്ക് (രൂപ കോടി-യിൽ) |
|---|---|---|---|
| 2011-12 | 10389 | 72324 | 1695.30 |
| 2012-13 | 13051 | 81467 | 2392.97 |
| 2013-14 | 14997 | 87789 | 2224.13 |
| 2014-15 | 15455 | 83501 | 2392.68 |

**(സി)** നിക്ഷേപ സംഗമങ്ങളിൽ നൽകുന്ന വാഗ്ദാനങ്ങളും, പങ്കെടുക്കുന്നവർ ആവശ്യപ്പെടുന്ന കാര്യങ്ങളും പ്രായോഗികമാക്കുന്നതിന് സാദ്ധ്യമാകുന്നവയായിരുന്നോയെന്ന് വ്യക്തമാക്കുമോ ?

**(സി)** 2012 സെപ്റ്റംബർ മാസം സർക്കാർ കൊച്ചിയിൽ കെ.എസ്.ഐ.ഡി.സി മുഖേന സംഘടിപ്പിച്ച എമർജിങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിൽ 177 പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും അതത് വകുപ്പ് മേധാവികൾക്ക് ആവശ്യമായ നിർദ്ദേശം നൽകിയിരുന്നു. ഈ പദ്ധതികളിൽ വിവിധ വകുപ്പുകളുടെ കീഴിലായി ഇപ്പോൾ 83 പദ്ധതികൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രമുള്ള 19 പദ്ധതികളിൽ 2 പദ്ധതികൾ പൂർത്തിയാവുകയും ബാക്കിയുള്ള 17 പദ്ധതികളുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടത്തുന്ന നിക്ഷേപ സംഗമത്തിൽ പങ്കെടുന്ന ഭൂരിഭാഗം സംരംഭകരും സംരംഭകരാകാൻ ആഗ്രഹിക്കുന്നവരാണ്. എന്നാൽ പ്രധാന പ്രശ്നം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് / ക്ലിയറൻസ് ലഭിക്കാനുള്ള കാലതാമസ മാണ്. സ്ഥലലഭ്യതയില്ലാത്തതും പ്രശ്നമായി ഉന്നയിക്കപ്പെടുന്നുണ്ട്. മറ്റു ഡിപ്പാർട്ട്മെന്റു കളുമായി ബന്ധപ്പെട്ട ലൈസൻസുകളും ക്ലിയറൻസുകളും ലോണുമായി ബന്ധപ്പെട്ട കാര്യങ്ങളും പരിഹരിച്ചു നൽകി വരുന്നു. കൂടാതെ ഫീൽഡ്തല ഓഫീസർമാർ മുഖേന ഈ സംഗമങ്ങളുടെ തുടർനടപടികൾ നടത്തി ആയതിൻമേലുള്ള റിപ്പോർട്ട് ശേഖരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ